**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1848 25.03.2013-ൽ മറുപടിയ്ക്ക്**

**കായികമേഖലയ്ക്ക് പുത്തൻ ഉണർവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |

(എ) കായികമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകാൻ സ്വീകരിച്ച പുതിയ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) കായിക താരങ്ങൾക്ക് കാലോചിതമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നല്ല നിലയിലുള്ള പരിശീലനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നൽകുന്നതിനുമായി പുതുതായി എന്തെല്ലാം ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കായിക താരങ്ങൾക്ക് നൽകി വരുന്ന ദിനബത്ത ചുവടെ പറയുന്ന രീതിയിൽ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇവ 01.04.2013 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

| | 2012-13 (നിലവിലെനിരക്ക്) | 2013-14 (പുതുക്കിയ നിരക്ക്) |
|---|---|---|
| കോച്ചിംഗ് ക്യാമ്പ് | 150/- രൂപ | 200/- രൂപ (ബോർഡിംഗ്)+100 രൂപ (ലോഡ്ജിംഗ്) |
| പാർട്ടിസിപ്പേഷൻ | 200/- രൂപ | 300/- രൂപ |

നല്ല രീതിയിലുള്ള പരിശീലനത്തിന് ചുവടെ പറയുന്ന സജ്ജീകരണങ്ങൾ നടപ്പിലാക്കുന്നുണ്ട്.

കായിക വികസനത്തോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കായിക വികസനത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി പ്രാദേശികമായ ആവശ്യങ്ങൾക്കനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് നടപ്പിലാക്കി വരുന്നുണ്ട്. മൾട്ടി പർപ്പസ് സിന്തറ്റിക് ഫ്ളോറോടുകൂടിയ ഇൻഡോർ ഹാൾ, സിന്തറ്റിക് ലോങ്ജംപ് പിറ്റ്, സിന്തറ്റിക് ജിംനേഷ്യം എക്യൂക്മെന്റ് തുടങ്ങിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സ്മൈൽ പദ്ധതി നടപ്പിലാക്കിവരുന്നു.

സ്കൂൾ മീറ്റുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മെഡൽ ജേതാക്കളായ കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് അത്യാധുനികമായ പരിശീലനത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ട്, ശാസ്ത്രീയമായ പരിശീലനവും വിദേശ കോച്ചുകളുടെ സേവനവും ഉറപ്പാക്കി അവരെ അന്തർദേശീയ മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുവാനായി ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങളാണ് എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്ററുകൾ. ഈ സെന്ററുകൾ മുഖേന ഉന്നത നിലവാരത്തിലുള്ള കായികപരിശീലനങ്ങൾ ഏർപ്പെടുത്താൻ കഴിയും.

സെക്ഷൻ ഓഫീസർ